# ഈ കോലാഹലത്തിൽ എത്ര ആത്മാർത്ഥതയുണ്ട്?

സി.ആർ. നീലകണ്ഠൻ നമ്പൂതിരി

കേരളമാകെ ഇളകിമറിയുന്നു. പഞ്ചായത്തുകൾ തുടങ്ങി ഇപ്പോൾ ജില്ലകൾ തന്നെ പാമോലിൻ ബഹിഷ്കരിക്കുന്നു. കോളകൾ ബഹിഷ്കരിച്ച് കരിക്കുകുടിക്കാൻ പ്രേരിപ്പിക്കുന്നു. ഇതിൽ പങ്കെടുക്കുന്നവരുടെ നീണ്ട നിര നമ്മെ ആവേശഭരിതരാക്കുന്നു. സാമ്രാജ്യത്വവിരുദ്ധമുദ്രാവാക്യങ്ങളുടെ (മാത്രം) കുത്തകാവകാശമുള്ള ഇടതുപക്ഷസംഘടനകളുടെ കാര്യത്തിൽ അത്ഭുതമില്ല. പക്ഷെ മലയാളമനോരമയും മാതൃഭൂമിയും ദീപികയും മുതൽ വിവിധ മതനേതാക്കൾ വരെ ഈ നിരയിൽ നിൽക്കുന്നതു കാണുമ്പോഴാണ് ആവേശമുണ്ടാകുന്നത്. ഈ നീക്കത്തെ പുച്ഛിക്കുകയോ എതിർക്കുകയോ ചെയ്യുകയെന്നത് ഈ കുറിപ്പിന്റെ ലക്ഷ്യമല്ല. എന്നു മാത്രവുമല്ല, ഈ സമരത്തെ ആത്മാർത്ഥമായി പിന്തുണയ്ക്കുകയുമാണ്. തെങ്ങുകൃഷിക്കാർ ദുരിതത്തിലാണ് എന്നതും നിലനിൽപ്പിനു വേണ്ടി അവർ നടത്തുന്ന സമരങ്ങളെ പിന്തുണക്കണം എന്നതും സമ്മതിക്കുന്നു. തങ്ങളെ നേരിട്ടുബാധിക്കുന്ന പ്രശ്നങ്ങളിൽ മാത്രമേ ജനങ്ങളെ ഒരു സമരത്തിനിറക്കാൻ കഴിയുകയുള്ളൂ എന്നതും സത്യം. അതുകൊണ്ട് ഈ സമരം പരമാവധി ശക്തിപ്പെടുത്തണം.

എന്നാൽ മറ്റു പല രംഗങ്ങളുമെന്ന പോലെ ഈ കോലാഹലമുയരുന്ന പൊടിപടലങ്ങളിൽ പല സത്യങ്ങളും മറഞ്ഞുപോകുമോയെന്ന ഭയം പ്രകടിപ്പിക്കാനാണിവിടെ ശ്രമിക്കുന്നത്. തെങ്ങ്, റബ്ബർ, തേയില തുടങ്ങിയ നാണ്യവിളകളെ പ്രോത്സാഹിപ്പിച്ചുകൊണ്ട് സുസ്ഥിരമായ ഒരു നിലനിൽപ്പും വികസനവും കേരളത്തിന് സാധ്യമാണോ എന്ന സംശയം അസ്ഥാനത്തല്ല താൽക്കാലികലാഭത്തിനപ്പുറം നമ്മുടെ ജൈവ-പാരിസ്ഥിതിക ഘടനയുടെ സന്തുലനം സൂക്ഷിക്കാനും അതുവഴി നമ്മുടെ മണ്ണ്, വെള്ളം മുതലായവയെ സംരക്ഷിക്കാനും സ്വാശ്രയത്വത്തോടെ ജീവിക്കാൻ ആവശ്യമായ ഭക്ഷ്യസുരക്ഷിതത്വം ഉറപ്പുവരുത്താനും സാമൂഹ്യ-സാംസ്കാരിക കൂട്ടായ്മ സൃഷ്ടിക്കാനും വേണ്ടി പരമ്പരാഗത നെൽകൃഷിയെ തിരിച്ചുകൊണ്ടുവരാൻ ശ്രമിക്കേണ്ടതില്ലേയെന്ന സംശയവും പരിഗണിക്കണം.

അതിലും പ്രധാനമായ കാര്യം ഈ സമരത്തിന്റെ യഥാർത്ഥലക്ഷ്യം 'പുത്തൻ സാമ്പത്തികനയത്തെ പരാജയപ്പെടുത്തണം എന്നതായിരിക്കേണ്ടതില്ലേ? ഒരു പതിറ്റാണ്ടിലേറെയായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഈ നയങ്ങളുടെ ഭാഗമായി ഇറക്കുമതി ഉദാരമാക്കൽ, വി

(ശേഷം 5-ാം പേജിൽ)